## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1216 20.01.2014 -ലെ മറുപടിയ്ക്ക്

## അലിഗഢ് മുസ്ലീം യൂണിവേഴ്സിറ്റി മലപ്പുറം കേന്ദ്രം

ചോദ്യം
ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ഉത്തരം
ശ്രീ. പി.കെ. അബ്ദു റബ്ബ്
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റിയുടെ മലപ്പുറം കേന്ദ്രത്തെ ന്യൂനപക്ഷ സർവ്വകലാശാലയാക്കുന്നതിന് ശ്രമങ്ങൾ നടക്കുന്നുണ്ടോ ; പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേന്ദ്രം ന്യൂനപക്ഷ സർവ്വകലാശാല യാക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ പദ്ധതി (ഡി.പി.ആർ) തയ്യാറാക്കുന്നതിന് വേണ്ടി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം പൊതുമേഖല സ്ഥാപനമായ എഡ്യൂക്കേഷണൽ കൺസൾട്ടൻസി ഇന്ത്യ ലിമിറ്റഡ് (EDCIL) ന്റെ പ്രതിനിധികൾ 10.09.2013 ന് കേന്ദ്രം സന്ദർശിച്ചിരുന്നു. ഇതു സംബന്ധിച്ച മറ്റ് വിവരങ്ങൾ ലഭ്യമല്ല. |
| (ബി) | ഈ കേന്ദ്രം നിലവിൽ മാനവ വിഭവശേഷി മന്ത്രാലയത്തിന് കീഴിലാണോ അതോ ന്യൂനപക്ഷ മന്ത്രാലയത്തിന് കീഴിലാണോ എന്ന് വിശദമാക്കാമോ ; | (ബി) | ഈ കേന്ദ്രം അലിഗഡ് മുസ്ലിം സർവ്വകലാശാലയുടെ ഭാഗം എന്ന നിലയിൽ മാനവ വിഭവശേഷി മന്ത്രാലയത്തിന് കീഴിലാണ്. |
| (സി) | പ്രസ്തുത കേന്ദ്രത്തിന് ഇതുവരെ എന്തു തുക കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ടെന്നും എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ; | (സി) | 45 കോടിയോളം രൂപ കേന്ദ്ര സർക്കാർ പല ഘട്ടങ്ങളിലായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 23 കോടിയോളം രൂപ നിർമ്മാണപ്രവർത്തനങ്ങൾ, ജീവനക്കാരുടെ ശമ്പളം, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് അനുവദിക്കുന്നതും കെട്ടിട നിർമ്മാണം, ശമ്പളം തുടങ്ങിയ ചെലവുകൾ നടത്തുന്നതും അലിഗഡ് സർവ്വകലാശാലയിൽ നിന്നും നേരിട്ടാണ്. |

| | | | |
|---|---|---|---|
| (ഡി) | നിലവിൽ ഓരോ കോഴ്സിനും ഉള്ള മലയാളി വിദ്യാർത്ഥികളുടെ എണ്ണം വിശദമാക്കാമോ; | (ഡി) | ബി.എ.എൽ.എൽ.ബി - 83,<br>എം.ബി.എ. - 1 (ഒന്ന്)<br>ബി.എഡ് - 28 |
| (ഇ) | മലയാളി പ്രാതിനിധ്യം കൂട്ടുതൽ ലഭിക്കുന്നതിന് ഒൻപതാം ക്ലാസ്സ് മുതലുള്ള പഠനം പ്രസ്തുത കേന്ദ്രത്തിൽ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | ഒൻപതാം ക്ലാസ്സ് സി.ബി.എസ്.സി സിലബസ് സ്കൂൾ ആരംഭിക്കുന്നതിനുള്ള കേരള ഗവൺമെന്റിന്റെ എൻ.ഒ.സി. ലഭിച്ചുകഴിഞ്ഞു. അലിഗഡിന് പുറത്ത് സ്കൂൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സാങ്കേതിക തടസ്സങ്ങളെക്കുറിച്ച് സുപ്രീം കോടതി വക്കീലിനോട് നിയമോപദേശം തേടാൻ അലിഗഡ് മുസ്ലിം സർവ്വകലാശാല എക്സിക്യൂട്ടീവ് കൗൺസിൽ തീരുമാനിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ